DESPATCHED
On...10/06/2020

17/03/2020.



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP.2317*(2)/2015*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.16778/*എസ്.ഐ.സി–ജി* 6/15

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ. പായ്ച്ചിറ നവാസ്. എ**
**നവാസ് മൻസിൽ**
**പായ്ച്ചിറ, പള്ളിപ്പുറം പി.ഒ**
**തിരുവനന്തപുരം–695 316** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
   **സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ**
   **മൻമോഹൻ ബംഗ്ലാവിന് എതിർവശം**
   **കവടിയാർ പി.ഒ, തിരുവനന്തപുരം–695 003**

2. **അപ്പീൽ അധികാരി,**
   **മാനേജിംഗ് ഡയറക്ടർ**
   **സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ**
   **കവടിയാർ പി.ഒ, തിരുവനന്തപുരം–695 003**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 11.09.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 15.10.2015 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 30.11.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 29.10.2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 29.10.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 11.11.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 05.12.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.11.2019 കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

3. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 11.09.2015 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇനം1 ൽ KSWDC യുടെ നിലവിലെ മാനേജിംഗ് ഡയറക്ടറുടെ 19-07-2010 വരെയുള്ള സർവ്വീസ് ഹിസ്റ്ററി യുടെ വിവരങ്ങൾ രേഖകളുടെ സാക്ഷ്യപകർപ്പുകൾ എന്നിവയും ഇനം 2 ൽ KSWDC യുടെ നിലവിലെ സ്റ്റോർ പർച്ചേസ് മാന്വലിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകണമെന്നും തുടങ്ങി 16 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്.
4. മേൽപ്പടി അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനാൽ 15.10.2015 ന് അപ്പീൽ അതോറി റ്റിക്ക് കത്ത് നൽകുകയും, 30.11.2015 ന് അപ്പീൽ അധികാരി 16 ചോദ്യങ്ങൾക്കും അവ യുടെ ഉപ ചോദ്യങ്ങൾക്കും മറുപടി നൽകുകയും ചെയ്തു. 04.12.2015 ന് രണ്ടാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് അപ്പീൽ അതോറിറ്റിയ്ക്ക് കിട്ടിയ കത്ത് പ്രകാരം മറുപടി നൽകിയെന്നാണ് ബോധിപ്പി ടച്ചത്.
5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും 5 ദിവസത്തിനുള്ളിൾ വിശദമായ റിപ്പോർട്ട് കമ്മീഷനിലും ഹർജി ക്കാരനും നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. കമ്മീഷന്റെ നിർദ്ദേശപ്രകാരം 05.12.2019 ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ 11.09.2015 ന് ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് 14.09.2015 ന് മറുപടി കൊറിയറായി അയച്ചുവെന്നും കൊറി യർ സർവ്വീസിൽ അന്വേഷിച്ചതിൽ അപേക്ഷകൻ നൽകിയിട്ടുള്ള ഫോൺ നമ്പർ നില വിലില്ലെന്ന കാരണത്താൽ കൊറിയർ യഥാസമയം അപേക്ഷകൻ എത്തിക്കുവാൻ സാധിച്ചിട്ടില്ലെന്ന് കൊറിയർ ഏജൻസി അിറയിക്കുകയും ടി കത്ത് 28.11.2015 ൽ കൊറി യർ ഏജൻസിയിൽ നിന്നും തിരികെ ലഭിച്ചിട്ടുള്ളതുമാകുന്നുവെന്നുമാണ്. അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾക്ക് മറുപടി അപ്പീൽ നൽകിയപ്പോൾ മാത്രമാണ് നൽകി യതെന്ന് വീക്ഷിച്ച കമ്മീഷൻ മറുപടി നൽകാത്ത എസ്.പി.ഐ.ഒയ്ക്ക് സെക്ഷൻ (20)പ്രകാരം ശിക്ഷണ നടപടി നൽകേണ്ടതാണെന്നും എന്നാൽ 2015 ലെ ഫയലായതി

നാൽ മറ്റ് നടപടികളിലേയ്ക്ക് പോകാതെ മേലിൽ ഇത്തരം നടപടി ആവർത്തിക്കരു തെന്ന് കർശനമായ താക്കീത് നൽകുന്നുവെന്നും പ്രസ്താവിച്ചു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

res

RIGHT TO INFORMATION